**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2165** **13-09-2023 - ൽ മറുപടിയ്ക്ക്**

**എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലെ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിവിധ വകുപ്പുകളിലെ എൽ.ഡി. ടൈപ്പിസ്റ്റ് ഒഴിവുകൾ പി.എസ്.സി. യ്ക്ക് സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നില്ല എന്നത് സംബന്ധിച്ച് പേഴ്സണൽ & അഡ്മിനിസ്ട്രേറ്റീവ് റീഫോംസ് വകുപ്പിന് കീഴിലെ വിജിലൻസ് സെല്ലിന് എത്ര പരാതികളാണ് ഈ വർഷം ലഭിച്ചിട്ടുള്ളതെന്നും പ്രസ്തുത പരാതികളിൽ നാളിതുവരെ എന്തെല്ലാം നടപടികൾ വിജിലൻസ് വിഭാഗം സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കുമോ; | (എ) | ഈ വർഷം 16 പരാതികളാണ് ഇത് സംബന്ധിച്ച് ലഭിച്ചിട്ടുള്ളത്. എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ നിയമപ്രകാരം ലഭ്യമായ ഒഴിവുകൾ അടിയന്തരമായി പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വിവിധ ഓഫീസുകളിൽ/വകുപ്പുകളിൽ നേരിട്ട് പരിശോധന നടത്തി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | മുൻ വർഷങ്ങളെ അപേക്ഷിച്ച് നിലവിൽ വിവിധ ജില്ലകളിലുള്ള എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റുകളിൽ നിന്ന് മതിയായ നിയമനങ്ങൾ നടന്നിട്ടില്ല എന്ന വിഷയം വിജിലൻസ് സെൽ പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി 2023 നവംബർ മാസത്തിൽ അവസാനിക്കുന്നതിനാൽ ഈ വിഷയം ഗൗരവമായി പരിശോധിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | ലഭ്യമായ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | സമയബന്ധിതമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തത് സംബന്ധിച്ചുള്ള പരാതികളിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ വിവിധ വകുപ്പുകളിൽ എത്ര പരിശോധനകൾ വിജിലൻസ് സെൽ നടത്തിയെന്ന് വ്യക്തമാക്കാമോ; പരിശോധനാ കണ്ടെത്തലുകളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഈ വിഷയം സംബന്ധിച്ച് 16 വകുപ്പുകളിലായി 7തവണ നേരിട്ടുള്ള പരിശോധന നടത്തിയിട്ടുണ്ട്. തസ്തികമാറ്റം, വകുപ്പ് തല പ്രൊമോഷൻ എന്നിവയ്ക്കായി നീക്കി വച്ചിട്ടുള്ള ഒഴിവുകളിൽ അടിയന്തര നടപടി സ്വീകരിച്ച് നിയമപ്രകാരം ബാക്കിയുള്ള ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യാനും, ഉദ്യോഗാർത്ഥികൾക്ക് അവസരം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത വിജിലൻസ് സെൽ നിർത്തലാക്കുന്നതിന് ആലോചനയുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | വിജിലൻസ് സെൽ നിറുത്തലാക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ